## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 209** **07-10-2024 - ൽ മറുപടിയ്ക്ക്**

## കോവളം മണ്ഡലത്തിൽ ഡയാലിസിസ് യൂണിറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവളം മണ്ഡലത്തിലെ ഒരു സർക്കാർ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിച്ച് ആവശ്യമായ ജീവനക്കാരെ നിയോഗിച്ച് പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | നിലവിലുള്ള ആർദ്രം ഗൈഡ്ലൈൻസ് അനുസരിച്ച് ജനറൽ/ജില്ലാ/താലൂക്ക് ആശുപത്രികളിൽ മാത്രമാണ് ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. കോവളം മണ്ഡലത്തിൽ നിലവിൽ പ്രസ്തുത തലങ്ങളിലുള്ള ആശുപത്രികൾ നിലവിലില്ല. പൂല്ലുവിള സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ്സ് ബ്ലോക്ക് നിർമ്മിക്കുന്നതിന് 3 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ആർദ്രം ഗൈഡ്ലൈൻസ് പ്രകാരം സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാൻ സാധ്യമല്ലാത്തതിനാൽ ഡയാലിസിസ്സ് ബ്ലോക്ക് എന്ന പേര് മാറ്റി 'Construction of multipurpose building for Pulluvila Hospital' എന്നാക്കിയതുമായി ബന്ധപ്പെട്ട് 13/05/2024 തീയതിയിൽ പൊതുമരാമത്ത് ബിൽഡിങ് വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് ലഭ്യമായ കത്ത് അനന്തര നടപടകൾക്കായി അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് അധികാരികൾക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ബ്ലോക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നിരവധി രോഗികൾക്ക് ആശ്വാസം നല്കുന്ന പ്രസ്തുത പദ്ധതി തുടങ്ങുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള ആർദ്രം ഗൈഡ്ലൈൻസ് അനുസരിച്ച് ജനറൽ/ജില്ലാ/താലൂക്ക് ആശുപത്രികളിൽ മാത്രമാണ് ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. കോവളം മണ്ഡലത്തിൽ നിലവിൽ പ്രസ്തുത തലങ്ങളിലുള്ള ആശുപത്രികൾ നിലവിലില്ല. പൂല്ലുവിള സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ്സ് ബ്ലോക്ക് നിർമ്മിക്കുന്നതിന് 3 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ആർദ്രം ഗൈഡ്ലൈൻസ് പ്രകാരം സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാൻ സാധ്യമല്ലാത്തതിനാൽ |

| | | | |
|---|---|---|---|
| | | | ഡയാലിസിസ്സ് ബ്ലോക്ക് എന്ന പേര് മാറ്റി 'Construction of multipurpose building for Pulluvila Hospital' എന്നാക്കിയതുമായി ബന്ധപ്പെട്ട് 13/05/2024 തീയതിയിൽ പൊതുമരാമത്ത് ബിൽഡിങ് വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് ലഭ്യമായ കത്ത് അനന്തര നടപടകൾക്കായി അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് അധികാരികൾക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ബ്ലോക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പുല്ലുവിളയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡയാലിസിസ് ബ്ലോക്ക് നിർമ്മിക്കുവാനാവശ്യമായ 3 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതും, 13/05/2024 തീയതിയിൽ പൊതുമരാമത്ത് ബിൽഡിങ് വിഭാഗം ചീഫ് ഇഞ്ചിനീയറുടെ ഓഫീസിൽ നിന്നും പേര് മാറ്റത്തിനായി സമർപ്പിച്ചിട്ടുള്ളതുമായ ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ ? | (സി) | നിലവിലുള്ള ആർദ്രം ഗൈഡ്‌ലൈൻസ് അനുസരിച്ച് ജനറൽ/ജില്ലാ/താലൂക്ക് ആശുപത്രികളിൽ മാത്രമാണ് ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. കോവളം മണ്ഡലത്തിൽ നിലവിൽ പ്രസ്തുത തലങ്ങളിലുള്ള ആശുപത്രികൾ നിലവിലില്ല. പുല്ലുവിള സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ്സ് ബ്ലോക്ക് നിർമ്മിക്കുന്നതിന് 3 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ആർദ്രം ഗൈഡ്‌ലൈൻസ് പ്രകാരം സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാൻ സാധ്യമല്ലാത്തതിനാൽ ഡയാലിസിസ്സ് ബ്ലോക്ക് എന്ന പേര് മാറ്റി 'Construction of multipurpose building for Pulluvila Hospital' എന്നാക്കിയതുമായി ബന്ധപ്പെട്ട് 13/05/2024 തീയതിയിൽ പൊതുമരാമത്ത് ബിൽഡിങ് വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് ലഭ്യമായ കത്ത് അനന്തര നടപടകൾക്കായി അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് അധികാരികൾക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ബ്ലോക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ